ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഇന്ത്യ - യു കെ സമഗ്ര സാമ്പത്തിക-വ്യാപാര കരാർ ഇന്ന് മുതൽ പ്രാബല്യത്തിൽ. വികസിത ഭാരതം എന്ന ലക്ഷ്യത്തിന് കരാർ ആക്കം പകരുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയൽ.

**India–UK Comprehensive Economic and Trade Agreement comes into force; Union Commerce Minister Piyush Goyal said the agreement will provide momentum to the goal of a Viksit Bharat.**

2) സംസ്ഥാനത്ത്¬ പൊതുഭരണ വകുപ്പിന് കീഴിൽ വകുപ്പുകളുടെ ഏകോപനത്തിന് പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

**Chief Minister V. D. Satheesan said that a new mechanism will be introduced under the General Administration Department to coordinate government departments across the state.**

3) ഓപ്പറേഷൻ തൂഫാന് പിന്തുണ തേടി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് യുമായി കൂടിക്കാഴ്ച നടത്തി.

**Home Minister Ramesh Chennithala met Tamil Nadu Chief Minister Joseph Vijay to seek support for Operation Toofan anti drug campaign.**

4) ഇന്ന് ലോക യുവജന നൈപുണ്യ ദിനം. യുവശക്തിയാണ് ഇന്ത്യയുടെ ഏറ്റവും വലിയ കരുത്തെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

**Today is World Youth Skills Day. Lok Sabha Speaker Om Birla said that the strength of India's youth is the nation's greatest asset.**

5) ഹോർമുസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുണ്ടായ ആക്രമണങ്ങൾക്ക് മറുപടിയായി ഇറാൻ തുറമുഖങ്ങളിൽ ഉപരോധം പുനരാരംഭിച്ച് അമേരിക്ക.

**The United States has resumed the blockade of Iranian ports in response to the attacks on commercial vessels in the Strait of Hormuz.**

6) ഫിഫ ലോകകപ്പ് സെമിയിൽ ഫ്രാൻസിനെ കീഴടക്കി സ്പെയിൻ. രണ്ടാം സെമിയിൽ ഇന്ന് അർജൻറീന ഇംഗ്ലണ്ടിനെ നേരിടും.

**Spain defeated France in the FIFA World Cup semifinal. Argentina will take on England in the second semifinal today.**

**&&&&&&&&&&&&&&&&&**

**HEADLINE-1**

**INDIA – UK TRADE AGREEMENT**

ഇന്ത്യ - യു കെ സമഗ്ര സാമ്പത്തിക-വ്യാപാര കരാർ ഇന്ന് മുതൽ പ്രാബല്യത്തിൽ. ചരിത്രപരമായ ഈ കരാറിലൂടെ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന 99 ശതമാനം ഉൽപ്പന്നങ്ങൾക്കും, യുകെ വിപണിയിൽ നികുതി ഇളവ് ലഭിക്കും. 2030-ഓടെ ഇന്ത്യയും- യുകെയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 100 ബില്യൺ യുഎസ് ഡോളറാക്കാനും കരാറിലൂടെ ലക്ഷ്യമിടുന്നു. സമഗ്ര സാമ്പത്തിക-വ്യാപാര കരാറിലൂടെയുള്ള നികുതി ഒഴിവാക്കൽ ഇന്ത്യൻ കയറ്റുമതിക്കാർക്ക് ഏറെ പ്രയോജനം ചെയ്യും. സംസ്കരിച്ച ഭക്ഷ്യ ഉൽപ്പന്നങ്ങൾക്ക് 70 ശതമാനം വരെയും, സമുദ്രോൽപ്പന്നങ്ങൾക്ക് 21 ശതമാനത്തിലധികവും, എൻജിനിയറിങ് ഉൽപ്പന്നങ്ങൾക്കും വാഹന ഘടകങ്ങൾക്കും 18 ശതമാനത്തോളവും, തുകൽ-പാദരക്ഷ ഉൽപ്പന്നങ്ങൾക്ക് 16 ശതമാനം വരെയും, തുണിത്തരങ്ങൾക്കും വസ്ത്രങ്ങൾക്കും 12 ശതമാനം വരെയും ഈടാക്കിയിരുന്ന തീരുവ ഇതോടെ പൂർണമായും ഒഴിവായി. യുകെ വിപണിയിൽ ഇന്ത്യൻ ഉത്പന്നങ്ങളുടെ മത്സരക്ഷമത വർദ്ധിക്കാൻ ഇത് മാർഗ്ഗമൊരുക്കും.

&&&&&&&&&&&&&&&&&&

**Piyush Goyal**

ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ നിർണായക നാഴികക്കല്ലാണെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പിയുഷ് ഗോയൽ. ഇന്ത്യൻ ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യത ഇതിലൂടെ വർദ്ധിക്കുമെന്നും, ഐ.റ്റി, ബിസിനസ്സ് സർവീസ്, തുടങ്ങി രംഗങ്ങളിലെ ഇന്ത്യൻ നൈപുണ്യത്തിന് കരാർ, പുതിയ അവസരങ്ങൾ പ്രദാനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. വികസിത ഭാരതം എന്ന ലക്ഷ്യത്തിന് കരാർ ആക്കം പകരുമെന്നും ശ്രീ പീയുഷ് ഗോയൽ വ്യക്തമാക്കി. ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാർ ,യുകെയിൽ ജോലി ചെയ്യുന്ന ഇന്ത്യൻ പ്രൊഫഷണലുകൾക്ക് ഏറെ പ്രയോജനകരമാകുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**KOCHI - INDIA-UK (intro)**

*ഇന്ത്യ–യുകെ സമഗ്ര സാമ്പത്തിക-വ്യാപാര കരാറുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നുള്ള ആദ്യ ചരക്കുകളുടെ കയറ്റുമതി ഫ്ലാഗ് ഓഫ് കൊച്ചിൻ പോർട്ടിൽ നടന്നു. കൊച്ചി വിദേശ വ്യാപാര ഡയറക്ടറേറ്റ് ജനറലിന്റെ നേതൃത്വത്തിൽ ഇന്നലെ വൈകുന്നേരം നടന്ന ചടങ്ങിൽ കൊച്ചി കസ്റ്റംസ് പ്രിവൻറീവ് കമീഷണർ ടി. ടിജു ഫ്ലാഗ്ഓഫ് നിർവഹിച്ചു.*

*വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി നഹീമ പി.*

*(ഹോൾഡ് - വോയിസ്)*

&&&&&&&&&&&&&&&&&&

## HEADLINE-2

**CABINET (INTRO)**

*സംസ്ഥാനത്ത് പൊതുഭരണ വകുപ്പിന് കീഴിൽ വകുപ്പുകളുടെ ഏകോപനത്തിന് പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഓരോ ഫയലുകളുടെയും തൽസ്ഥിതി ഇതിലൂടെ അറിയാൻ സാധിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പദ്ധതികൾ കൃത്യമായി മാപ്പിങ് നടത്തി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഹൈസ്പീഡ് റെയിലുമായി ബന്ധപ്പെട്ട റിപ്പോർട്ട് സർക്കാരിന് ലഭിച്ചതായും അദ്ദേഹം പറഞ്ഞു.*

*(വോയ്സ്)*

&&&&&&&&&&&&&&&&&&

## HEADLINE-3

**OPERATION THOOFAN**

ഓപ്പറേഷൻ തൂഫാന് പിന്തുണ തേടി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് യുമായി കൂടിക്കാഴ്ച നടത്തി. ചെന്നൈയിലാണ് കൂടിക്കാഴ്ച നടന്നത്. തമിഴ്നാട് സർക്കാറിന്റെ പൂർണ്ണ പിന്തുണ ഉറപ്പുവരുത്തുകയാണ് കൂടിക്കാഴ്ചയുടെ പ്രധാന

ലക്ഷ്യം. കഴിഞ്ഞയാഴ്ച കർണാടക മുഖ്യമന്ത്രി ഡി.കെ ശിവകുമാറിനെയും ശ്രീ രമേശ് ചെന്നിത്തല ബാംഗ്ലൂരിൽ സന്ദർശിച്ചിരുന്നു.

&&&&&&&&&&&&&&&&&

**HEADLINE-4**

**BIRLA-YOUTH SKILLS DAY**

ഇന്ന് ലോക യുവജന നൈപുണ്യ ദിനം. യുവശക്തിയാണ് ഇന്ത്യയുടെ ഏറ്റവും വലിയ കരുത്തെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. യുവാക്കളുടെ ഊർജ്ജവും പ്രതിഭയും പുത്തൻ ആശയങ്ങളുമാണ് വികസിത് ഭാരതം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാനുള്ള ഏറ്റവും ശക്തമായ അടിത്തറയെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

**SKILL INDIA MISSION**

സ്കിൽ ഇന്ത്യ മിഷന് ഇന്ന് 11 വർഷം . രാജ്യത്തെ യുവജനങ്ങൾക്ക് തൊഴിൽ, സംരംഭകത്വം, സുസ്ഥിര ഉപജീവനമാർഗ്ഗം എന്നിവയ്ക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് 2015-ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പദ്ധതിക്ക് തുടക്കം കുറിച്ചത്. യുവതലമുറയ്ക്ക് പ്രായോഗിക നൈപുണ്യങ്ങൾ ഉറപ്പുവരുത്തി അവരെ തൊഴിൽക്ഷമതയുള്ളവരാക്കി മാറ്റുന്നതിന് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ മാതൃകാ പദ്ധതിയാണ് 'സ്കിൽ ഇന്ത്യ'.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**NENMARA MURDER CASE**

പാലക്കാട്, നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതി ചെന്താമരയുടെ ശിക്ഷാവിധി നാളത്തേക്ക് മാറ്റി പാലക്കാട് അഡീഷണൽ സെഷൻസ് കോടതി. ചെന്താമര കുറ്റക്കാരനെന്ന് കഴിഞ്ഞ ദിവസം കോടതി കണ്ടെത്തിയിരുന്നു. പ്രോസിക്യൂഷൻറെയും പ്രതിഭാഗത്തിൻറെയും വാദം ഇന്ന് പൂർത്തിയായി.

&&&&&&&&&&&&&&&&&&

## HEADLINE-5

### US-IRAN

ഹോർമുസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുണ്ടായ ഇറാൻ ആക്രമണങ്ങൾക്ക് മറുപടിയായി ഇറാനിയൻ തുറമുഖങ്ങളിൽ അമേരിക്ക ഉപരോധം പുനരാരംഭിച്ചു. ഇറാൻ ഒഴികെയുള്ള രാജ്യങ്ങൾക്ക് ഹോർമുസിലൂടെ സഞ്ചരിക്കാമെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അറിയിച്ചു. അടുത്ത ആഴ്ചയ്ക്കുള്ളിൽ ഇറാൻ ചർച്ചകൾക്ക് തയ്യാറായില്ലെങ്കിൽ, സൈനിക ആക്രമണങ്ങൾ കൂടുതൽ ശക്തമാക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. വരും ദിവസങ്ങളിലും ആക്രമണങ്ങൾ തുടരുമെന്നും, അടുത്ത ആഴ്ചയോടെ ഇത് ഇറാന്റെ ഊർജ്ജ നിലയങ്ങളിലേക്കും പാലങ്ങളിലേക്കും വ്യാപിപ്പിക്കുമെന്നും ട്രംപ് അറിയിച്ചു. ഇതിനിടെ, ഇറാൻറെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് ബഹ്റൈനിലെ ആയുധ സംഭരണ കേന്ദ്രങ്ങൾക്ക് നേരെ വ്യോമാക്രമണം നടത്തി. കുവൈറ്റിലെ അലി സലേം ബേസിൽ എം.ക്യു.9 ഡ്രോണുകൾ വിന്യസിച്ചിരുന്ന റാംപ് ആക്രമിച്ചതായും, ഇറാൻ അവകാശപ്പെട്ടു.

&&&&&&&&&&&&&&&&&&

### Sarbananda Sonowal

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ഇന്ത്യ സൂക്ഷ്മമായി വിലയിരുത്തി വരികയാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഹോർമുസിലൂടെ കപ്പലുകളുടെ സുഗമമായ സഞ്ചാരം ഉറപ്പുവരുത്തണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു. സംഘർഷ മേഖലയിലെ ഇന്ത്യൻ നാവികരുടെ സുരക്ഷ ഉറപ്പുവരുത്താനായി പ്രത്യേക ദൗത്യത്തിന് കേന്ദ്ര ഷിപ്പിങ്ങ് മന്ത്രി സർബാനന്ദ സോനോവാൾ തുടക്കം കുറിച്ചു. കപ്പലുകളുടെ തത്സമയ

നിരീക്ഷണം ഉറപ്പുവരുത്തുമെന്നും ഉന്നതതല അവലോകന യോഗത്തിൽ അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## UNSC REFORMS-HARISH (INTRO)

*യുഎൻ രക്ഷാ സമിതി പരിഷ്കരിക്കുന്നതിലും, ആഗോള സംഘർഷങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിലുമുണ്ടായ പരാജയം ഐക്യരാഷ്ട്രസഭയിലുള്ള ജനങ്ങളുടെ വിശ്വാസം കുറച്ചതായി ഇന്ത്യ. നിലവിലുള്ള ആഗോള യുദ്ധങ്ങളിലും തർക്കങ്ങളിലും അർത്ഥപൂർണ്ണമായി ഇടപെടാൻ രക്ഷാ സമിതിയ്ക്ക് സാധിക്കുന്നില്ലെന്നും ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ് കുറ്റപ്പെടുത്തി. ഇത് അന്താരാഷ്ട്ര സമാധാനവും സുരക്ഷയും കാത്തുസൂക്ഷിക്കാനുള്ള സംഘടനയുടെ ശേഷിയെ ചോദ്യം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.* (ഹോൾഡ് വോയ്സ്.......)

&&&&&&&&&&&&&&&&&&

## PUNJAB PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 17ന് പഞ്ചാബിലെ ജലന്ധർ സന്ദർശിക്കും. ജലന്ധർ കന്റോൺമെന്റ് റെയിൽവേ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ നവീകരിച്ച മറ്റ് 74 റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിക്കും. അമൃത്സറിനെ വാരാണസിയുമായി ബന്ധിപ്പിക്കുന്ന 'സന്ത് രവിദാസ് എക്സ്പ്രസ്' പ്രധാനമന്ത്രി ചടങ്ങിൽ ഫ്ലാഗ് ഓഫ് ചെയ്യും.

&&&&&&&&&&&&&&&&&&

## Puri Rath Yatra

ഒഡീഷയിലെ വിശ്വപ്രസിദ്ധമായ പുരി ജഗന്നാഥ ക്ഷേത്രത്തിലെ രഥയാത്ര നാളെ . രഥയാത്രയ്ക്കായി വിപുലമായ ക്രമീകരണങ്ങളും സുരക്ഷാ നടപടികളും പൂർത്തിയായി .രഥോത്സവത്തിൽ പങ്കെടുക്കാനായി രാജ്യത്തിനകത്തുനിന്നും വിദേശത്തുനിന്നുമായി ലക്ഷക്കണക്കിന് തീർത്ഥാടകരാണ് പുരിയിലേക്ക് എത്തികൊണ്ടിരിക്കുന്നത് .

&&&&&&&&&&&&&&&&&&

**HEADLINE-6**

**FOOTBALL – FIFA WORLD CUP**

ഫ്രഞ്ച് പടയെ തകർത്ത് സ്പെയിൻ ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ. ഫ്രാൻസിനെ എതിരില്ലാത്ത രണ്ടു ഗോളിനാണ് സ്പെയിൻ പരാജയപ്പെടുത്തിയത്. രണ്ടാം സെമിയിൽ ഇന്ന് രാത്രി 12.30 ന് നിലവിലെ ചാമ്പ്യന്മാരായ അർജന്റീന -ഇംഗ്ലണ്ടിനെ നേരിടും. ഇന്നത്തെ മത്സരത്തിലെ വിജയികൾ, ഈ മാസം 20 ന് നടക്കുന്ന ലോകകപ്പ് ഫൈനലിൽ സ്പെയിനെ നേരിടും.

&&&&&&&&&&&&&&&&&&

**NASA – ANIL MENON**

ഇന്ത്യൻ വംശജനായ നാസ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ ഉൾപ്പെട്ട മൂന്നംഗ സംഘം എട്ട് മാസം നീളുന്ന ദൗത്യത്തിനായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തി. ഇന്ത്യൻ സമയം ഇന്നലെ രാത്രി 8:17 നാണ് യാത്ര ആരംഭിച്ചത്. കസഖ്സ്ഥാനിലെ ബൈക്കനൂർ കോസ്മോ ഡ്രോമിൽ നിന്ന് റോസ് - കോസ്മോസ് സോയൂസ് എംഎസ്-29 ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര. 2027 ഏപ്രിലിൽ സംഘം മടങ്ങി എത്തും

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&